# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ:04872371931)

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എഎസ്04/16,വെള്ളിയാഴ്ച** **തീയ്യതി 22.01.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 23.01.2016 | 24.01.2016 | 25.01.2016 | 26.01.2016 | 27.01.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C ) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 7 | 6 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 290 | 290 | 290 | 290 | 290 |

**വിളകളുടെ സ്ഥിതി:**

പുഞ്ചകൃഷിക്ക് നിലം ഒരുക്കാം. പുതിയ വാഴകൾ നട്ട് മൂന്നു മാസമാകുന്നു. തെങ്ങിനും കവുങ്ങിനും നന തുടരാം. കുരുമുളക്, തെങ്ങ് എന്നിവയിൽ പുതയിടൽ തുടരാം.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | | പുഞ്ചകൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കൽ ആരംഭിക്കാം. |
| തെങ്ങ് | | ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരി തടങ്ങളിൽ ഇട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും 2 മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടു മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ടു മൂടണം. ചകിരി അടുക്കുന്നതുകൊള്ള ഗുണം 5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിൽ ഇട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| വാഴ | ഇലതീനി പുഴു | ഇവയെ നിയന്ത്രിക്കാനായി 2 മി.ല്ലി. ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |